<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805</u> <u>09-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ നഗറുകളുടെ അടസ്ഥാന സൗകര്യ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വാലാച്ചിറ സെറ്റിൽമെന്റ് നഗർ നിവാസികളുടെ റോഡ് സൗകര്യം, കുടിവെള്ള ലഭ്യത, വൈദ്യുതി കണക്ഷൻ എന്നിവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | വാലാച്ചിറ പട്ടികജാതി നഗറിൽ പ്രത്യേക ഘടക പദ്ധതിയിൽ (കോർപ്പസ് ഫണ്ട്) ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഫീസിബിൾ അല്ലാത്തതിനാൽ നഗർ നിവാസികൾ സ്വന്തം നിലയ്ക്ക് വഴി സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീട്ടുപണി പൂർത്തിയാക്കാത്ത സാഹചര്യം പരിശോധിക്കുമോ; വിശദീകരിക്കാമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം പരിശോധിക്കുന്നതിനും, മുടങ്ങി കിടക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനുമായി ഈ വിഷയം ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നഗറുകളിൽ ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം, ഉടസ്ഥാവകാശം എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഏത് രീതിയിൽ പരിഹരിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്; വിശദമാക്കാമോ; | (സി) | നഗറുകളിൽ ദീർഘകാലമായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | കടപ്ലാമറ്റം പഞ്ചായത്തിലെ ഇലയ്ക്കാട് നഗർ നിവാസികളുടെ പട്ടയ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ഡി) | ഇലയ്ക്കാട് പട്ടികജാതി നഗറിൽ ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നഗറിൽ ഭൂമി അനുവദിക്കപ്പെട്ടവർക്കും, അവരുടെ അനന്തരാവകാശികൾക്കും പട്ടയം നൽകുന്നതിന് വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കടുത്തുരുത്തി പഞ്ചായത്തിലെ മധുരവേലി അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഇതുവരെയും ഉടക്കംകുറിക്കാൻ കഴിയാത്ത പ്രശ്നം | (ഇ) | പട്ടികജാതി വികസന വകുപ്പിന്റെ 2023-24 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മധുരവേലി നഗറിലെ പ്രവർത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | അസിസ്റ്റന്റ് എഞ്ചിനീയർ LSGD യെ ചുമതലപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. വീടുകളുടെ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് വകുപ്പിന്റെ അക്രഡിറ്റഡ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. |
| (എഫ്) | ആച്ചിക്കൽ അംബേദ്കർ ഗ്രാമം പദ്ധതി താമസംവിനാ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ; | (എഫ്) | പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ആച്ചിക്കൽ നഗറിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) | നഗറുകളിൽ ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനും, റേഷൻ കാർഡ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ റേഷൻ കാർഡ് നൽകുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ജി) | നഗറുകളിൽ ദീർഘകാലമായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡ് ഇല്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ബി.പി.എൽ കാർഡ് നൽകുന്നതിനായി ആയതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം സംബന്ധിച്ചോ, റേഷൻ കാർഡ് ഇല്ലാത്തത് സംബന്ധിച്ചോ പ്രശ്നങ്ങളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ